പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1488 — 10-02-2020-ലെ മറുപടിയ്ക്ക്

## കൃഷിപ്പണികളിലെ കരാർ സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിപ്പണികളിൽ കരാർ സംഘങ്ങൾ പിടിമുറുക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | നെൽകൃഷി മേഖലയിലും മറ്റ് കൃഷിയിടങ്ങളിലും തദ്ദേശീയരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക കർമ്മ സേന, അഗ്രോസർവ്വീസ് സെന്റർ എന്നിവിടങ്ങളിലെ രജിസ്റ്റർ ചെയ്ത തദ്ദേശീയരായവർക്ക് അംഗത്വവും പരിശീലനവും നൽകി നെൽകൃഷി മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു. എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ തൊഴിലുറപ്പ് ജെ.എൽ.ജി ഗ്രൂപ്പുകൾ മുഖേന 3 വർഷത്തിൽ കൂടുതൽ തരിശിട്ടിരിക്കുന്ന പാടശേഖരങ്ങളിൽ ഒറ്റ തവണ തരിശു കൃഷി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ പദ്ധതി നടപ്പിലാക്കുക വഴി തദ്ദേശീയരായ കർഷക തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട തോടുകൾ വൃത്തിയാക്കൽ, ബണ്ട് നിർമ്മാണം തുടങ്ങിയ പൊതു പ്രവർത്തികൾക്കും എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലൂടെ തദ്ദേശീയരായ കർഷക തൊഴിലാളികൾക്ക് തൊഴിലവസരം ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ